ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, ...

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: അല്ലെന്നു പറയേണ്ട. അതാണ് നിയമ വ്യാഖ്യാനത്തിന്റെ പ്രശ്നം. ഒരെണ്ണം സ്പെസിഫിക്കായിട്ട് സീക്രട്ടാണെന്ന് പറയാൻ അവകാശമുണ്ടെങ്കിൽ, സീക്രട്ടാണെന്ന് പറഞ്ഞില്ലെങ്കിൽ അതിന്റെ അർത്ഥം അത് സീക്രട്ടല്ല എന്നാണ്. ഇതൊരു enabling provision ആണ്. രണ്ടാമത്തേത് Rule 200 ആണ്. Rule 200 പറയുന്നത്

(2) The evidence given before a Committee shall not be published by any member of the Committee or by any other person until it has been laid on the Table. എന്നാണ്. എവിഡൻസ് എന്നുപറഞ്ഞാൽ സാക്ഷി വിസ്താരം മാത്രമേ ഉള്ളോ? Documents എവിഡൻസാണ്. സ്പീക്കർ ഒന്നു മനസ്സിലാക്കിയാൽ മതി.

Rule 200 (2) അനുസരിച്ച് കമ്മിറ്റിയുടെ റിപ്പോർട്ട് lay ചെയ്തതിനു ശേഷം ഏത് എവിഡൻസും കമ്മിറ്റി മെമ്പർമാർക്കും, by any person, publish ചെയ്യുന്നതിനുള്ള അവകാശം ഉണ്ട്.

മി. സ്പീക്കർ : ഇത് കൺക്ലൂഡ് ചെയ്യാം.

VIII. റൂളിംഗ്

നിയമസഭാസമിതിയുടെ ഡോക്കുമെന്റ് വിജിലൻസ് ഡിപ്പാർട്ടുമെന്റിന് നൽകുന്നത് സംബന്ധിച്ച്.

മി. സ്പീക്കർ : ഇത് സംബന്ധിച്ച് വളരെ വിശദമായി ഇവിടെ ഡിബേറ്റ് നടന്നു കഴിഞ്ഞിരിക്കുകയാണ്. നമ്മുടെ റൂൾ അനുസരിച്ചാണെങ്കിലും ഒരു half an hour ഡിസ്കഷനാകാമെന്ന് പറയുന്നുണ്ട്. ഒന്നര മണിക്കൂറോളം സമയമെടുത്തു ചർച്ച ചെയ്ത കാര്യമാണ്. ഇങ്ങനെയൊരു സംഗതിയായതുകൊണ്ട് ഞാൻ സമയം റെസ്ട്രിക്ട് ചെയ്യാത്തതാണ്. ഇതൊരു പ്രധാനപ്പെട്ട കാര്യമാണ്. സഭയെ സംബന്ധിച്ച് അങ്ങനെയുള്ള എക്സ്പീരിയൻസോ അല്ലെങ്കിൽ പ്രീസിഡൻസോ ചൂണ്ടിക്കാണിക്കാറില്ല. നമ്മുടെ റൂൾസ് ഓഫ് പ്രൊസീഡ്യുവറിനെ സംബന്ധിച്ചും ആ കാര്യത്തിൽ വ്യക്തതയുണ്ടെന്നു പറയാൻ പറ്റില്ല. വ്യാഖ്യാനങ്ങളല്ലല്ലോ ഇവിടെ വേണ്ടത്. അപ്പോൾ നടപടിക്രമങ്ങളെ സംബന്ധിച്ചും നടപടിക്രമങ്ങളിൽ എന്തെങ്കിലും പിശകുണ്ടോ, ഇല്ലയോ, എന്നതു സംബന്ധിച്ചുമാണ് നോക്കേണ്ടത്. ഇങ്ങനെയൊരു കാര്യം വന്നാൽ എങ്ങനെയെങ്കിലും അത് ഡീൽ ചെയ്യണമല്ലോ. ഇങ്ങനെയൊരു കാര്യം വന്നാൽ എങ്ങനെയാണ് ഡീൽ ചെയ്യുക?. മുഖ്യമന്ത്രി ഒരു ക്രിമിനൽ കേസ്സിന്റെ കാര്യത്തിൽ പി.യു.സി. യുടെ ഫയൽ ആവശ്യപ്പെട്ടുകൊണ്ട് കത്ത് തന്നു. മുഖ്യമന്ത്രി കത്ത് തന്നാൽ സ്വീകരിക്കാം, അല്ലെങ്കിൽ റിജക്ട് ചെയ്യാം. എന്താണ് വേണ്ടതെന്നുള്ളതിനെ സംബന്ധിച്ച് അതിന്റെ നടപടിക്രമങ്ങളാണ് നാം പരിശോധിക്കുക.

റൂൾസ് ഓഫ് പ്രൊസീഡുവർ നോക്കാം. പാർലമെന്ററി പ്രാക്ടീസും കോൺസ്റ്റിറ്റ്യൂഷനും നോക്കാം. ഇതൊക്കെയല്ലേ നമ്മുടെ കൈയിലുള്ളൂ. ഇതെല്ലാം വളരെ വിശദമായി പരിശോധിക്കുക മാത്രമല്ല, ഇതിനെക്കുറിച്ച് ബന്ധപ്പെട്ട കേന്ദ്രങ്ങളുമായിട്ടൊക്കെ കൺസൾട്ട് ചെയ്യുകയും ചെയ്തു. ഇത് എങ്ങനെയാണ് പ്രൊസീഡു ചെയ്യാൻ കഴിയുക എന്ന് തലനാരിഴ കീറി പരിശോധിച്ചു കൊണ്ടാണ് ഇതിനുള്ള മാർഗ്ഗം കണ്ടുപിടിച്ചത്. ആ മാർഗ്ഗമാണ്

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ സ്വീകരിച്ചത്. ഇതിനെ സംബന്ധിച്ച് ചില അവ്യക്തതകളൊക്കെ ഇവിടെ വന്നുവെങ്കിലും നമ്മുടെ ആധികാരിക ഗ്രന്ഥങ്ങൾ വച്ചു കൊണ്ട്, പാർലമെന്ററി പ്രാക്ടീസും കോൺസ്റ്റിറ്റ്യൂഷനുമെല്ലാം വച്ചുകൊണ്ടുതന്നെയാണ് ഇക്കാര്യത്തിൽ പ്രൊസീഡ് ചെയ്തത്. ശ്രീ. പി.പി. തങ്കച്ചൻ ശക്ധർ ആന്റ് കൗൾ കാട്ട് ചെയ്തുകൊണ്ട് പറഞ്ഞതും കൊടുക്കാൻ പാടില്ല എന്നുതന്നെയാണ്. അത് ഒരു ഭാഗമാണ്. ഇവിടെ നേരത്തെ പറഞ്ഞതുപോലെ പാർലമെന്ററി പ്രാക്ടീസ് എന്നുപറയുന്ന ശക്ധർ ആന്റ് കൗൾ എന്ന ഗ്രന്ഥം പൂർണ്ണമായിട്ട് വായിച്ചാലേ ഇതിനെ സംബന്ധിച്ച് ഒരു വ്യക്തതയുണ്ടാകൂ. അല്ലാതെ ഒരു ചാപ്റ്ററോ, ഒരു പാരഗ്രാഫോ, ഒരു പേജോ വായിച്ചിട്ടു കാര്യമില്ല. അദ്ദേഹം വായിച്ചതിന്റെ അടുത്ത പേജിൽത്തന്നെയാണ് ഇതിന് നടപടിക്രമം പറയുന്നത്. ആ നടപടി ക്രമം ഇവിടെ സൂചിപ്പിച്ചു. ഞാൻ അത് റിപ്പീറ്റ് ചെയ്യുന്നില്ല. ശക്ധർ ആന്റ് കൗളിലെ 847-ാം പേജിലെ ഫസ്റ്റ് പാരഗ്രാഫിൽത്തന്നെ പറയുന്നുണ്ട്. ആകെയുണ്ടായ ഒരു ഇൻസിഡന്റ് പറയുന്നുണ്ട്. കൂടുതൽ കാര്യങ്ങൾ ചെയറിനറിയില്ല. പാർലമെന്റിലും നിയമസഭകളിലും ഇതുപോലെ കൊടുത്തിട്ടുണ്ടോ ഇല്ലയോ എന്നും മറ്റുമുള്ളത് സംബന്ധിച്ച് രേഖകളില്ല. ഉള്ള രേഖകൾ വച്ചു പരിശോധിച്ചാൽ ഇങ്ങനെയുള്ള ഒരു ഇൻസിഡന്റാണ് പറയുന്നത്. അതിനുള്ള നടപടിക്രമവും പറയുന്നുണ്ട്. സ്പീക്കർക്ക് കത്ത് ലഭിച്ചാൽ അത് എങ്ങനെയാണ് പ്രൊസീഡ് ചെയ്യേണ്ടത്? ആ കത്ത് ഹൗസിൽ നേരിട്ട് വയ്ക്കൽ അല്ല. അതിന് നടപടിക്രമം ഉണ്ട്. പാർലമെന്ററി പ്രാക്ടീസിന്റെ 884-ാം പേജിന്റെ അവസാനത്തെ പാരഗ്രാഫിൽ പറയുന്നത്.

"If a request for the production of a document is received at the time when the House is in session, the matter is referred by the speaker to the committee of Privileges, irrespect of the fact whether the document is connected with the proceedings of the House or any of its Committees, or is one which is in the custody of the secretary-General." എന്നാണ്.

ആ നടപടിക്രമങ്ങളെല്ലാം വച്ചുകൊണ്ടാണ് പറഞ്ഞത് പ്രത്യേകിച്ചും ഇതൊരു പ്രിവിലേജ് ഇഷ്യൂ ആണ്. ശ്രീ. ആര്യാടൻ മുഹമ്മദും ശ്രീ. കെ. എം.മാണിയുമൊക്കെ കാട്ട് ചെയ്തത് എന്താണ്? പ്രിവിലേജാണ്, ഭരണഘടനയുടെ ആർട്ടിക്കിൾ 194-ന്റെ ലംഘനമാണ്. എന്നാണ് പറഞ്ഞത്. ആർട്ടിക്കിൾ 194 ആണ് സഭയ്ക്കും സഭാംഗങ്ങൾക്കും കമ്മിറ്റികൾക്കും പ്രിവിലേജ് നൽകുന്നത്. അതുകൊണ്ടുതന്നെ പ്രിവിലേജസ് കമ്മിറ്റിക്കാണ് കൊടുത്തത്. പ്രിവിലേജസ് കമ്മിറ്റി ഈ കത്ത് പരിശോധിച്ചുകൊണ്ട് എടുത്ത തീരുമാനമാണ് ഇവിടെ വന്നിരിക്കുന്നത്. ഭരണഘടനയുടെ ആർട്ടിക്കിൾ 194 എന്നുപറയുന്നത് നമുക്ക് നൽകുന്ന പ്രൊട്ടക്ഷനാണ്. ആ പ്രൊട്ടക്ഷൻ ഒരു എക്സിക്യൂട്ടീവിനും ഒരു കോടതിക്കുപോലും ചോദ്യം ചെയ്യാൻ അവകാശമില്ല. എന്നുമാത്രമല്ല കോടതിപോലും ആർട്ടിക്കിൾ 194 അംഗീകരിച്ചിട്ടുള്ളതാണ്. പല സന്ദർഭങ്ങളിലും കോടതി ഉയർത്തിപ്പിടിച്ചിട്ടുള്ളതാണ് ആർട്ടിക്കിൾ 194. അതൊന്നും ഇവിടെ ഡിബേറ്റിന്റെ വിഷയമേ അല്ല. ഡിസ്പ്യൂട്ടിന്റെ വിഷയമേ അല്ല. അതേസമയത്ത് ഒരു നീതിനിർവ്വഹണത്തിന്റെ കാര്യത്തിൽ നമുക്ക് ഇതുകൊടുക്കാൻ കഴിയുമോ? നീതിനിർവ്വഹണത്തിനുവേണ്ടിയാണ്. അഡ്മിനിസ്ട്രേഷൻ ഓഫ് ജസ്റ്റിസാണ്. അതിനുവേണ്ടി ഇങ്ങനെ ഒരു കത്തു കിട്ടിയാൽ നമ്മുടെ നടപടിക്രമം അനുസരിച്ച് എന്തുചെയ്യാം?..... (ബഹളം)..... സ്പീക്കറെ സമൻ ചെയ്യുന്ന കാര്യമില്ല, അതിനപ്പുറ

LIBRARY ARCHIVES Kerala Legislative Assembly

മുള്ള കാര്യമായാലും ശരി. ഞാൻ പറയുന്നു, അതിന്റെ നടപടിക്രമം അനുസരിച്ചു നാം പ്രിവിലേജസ് കമ്മിറ്റിക്ക് കൊടുക്കുന്നു. കമ്മിറ്റി പരിശോധിച്ചു തരുന്ന റിപ്പോർട്ട് വച്ച് കൊടുക്കാമല്ലോ. ആ റിപ്പോർട്ട് സഭയിൽ പ്രസന്റ് ചെയ്ത്..... സഭയുടെ കളക്ടീവ് വിസ്ഡം ആണ്. കൊടുക്കണോ വേണ്ടയോ എന്ന് സഭ തീരുമാനിക്കുക. ഭരണഘടനാപരമായ കാര്യങ്ങൾ പോലും അതിന്റെ അതിർവരമ്പുകളുമായി ബന്ധപ്പെട്ട കാര്യങ്ങൾപോലും സഭയുടെ കളക്ടീവ് വിസ്ഡം അനുസരിച്ച് തീരുമാനിക്കാം എന്ന് കോടതി തന്നെ അംഗീകരിച്ചിട്ടുണ്ട്. സഭയുടെ കളക്ടീവ് വിസ്ഡം ആണ്, എപ്പോഴും ഉയർന്നുനിൽക്കുന്നത്. സഭയുടെ കളക്ടീവ് വിസ്ഡത്തിനുവേണ്ടിയാണ് വച്ചിരിക്കുന്നത്. ഇവിടെ തീരുമാനിക്കുക. ഒന്നുകിൽ അംഗീകരിക്കുക. അല്ലെങ്കിൽ തള്ളിക്കളയുക. അതുമാത്രമാണ് ഇതു സംബന്ധിച്ച് പറയാനുള്ളത്. ഞാൻ കൂടുതൽ ഡിബേറ്റിലേയ്ക്ക് കടക്കുന്നില്ല. അതിന്റെ അടിസ്ഥാനത്തിൽ ഈ റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം അവതരിപ്പിക്കാൻ പ്രിവിലേജസ് കമ്മിറ്റി ചെയർമാനോട് അഭ്യർത്ഥിക്കുന്നു.

ശ്രീ. ടി.കെ. ഹംസ : പ്രിവിലേജസ് കമ്മിറ്റിയുടെ പത്താമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. ദാസൻ : പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. എ.കെ. ആന്റണി: സർ, പ്രിവിലേജസ് കമ്മിറ്റി ചെയർമാൻ എന്ന നിലയിൽ ബഹുമാനപ്പെട്ട ചീഫ് വിപ്പിനോട് എനിക്ക് ഒരു അഭ്യർത്ഥനയുണ്ട്. ഇത് അംഗീകരിച്ചാൽ വളരെ ഗുരുതരമായ പ്രത്യാഘാതമുണ്ടാകും; ചീത്ത കീഴ്വഴക്കം സൃഷ്ടിക്കും അതുകൊണ്ട് സഭാനേതാവിനോടും ഞാൻ അഭ്യർത്ഥിക്കുകയാണ് അങ്ങും ചീഫ് വിപ്പും ഈ തെറ്റായ കീഴ്വഴക്കത്തിന് നേതൃത്വം കൊടുക്കരുത് എന്ന്. ഇങ്ങനെയൊരു വോട്ടിംഗ് ഉണ്ടാകരുത്. ദയവുചെയ്ത് ഇതു പിൻവലിക്കണം. ഇന്ന് ചർച്ചയ്ക്ക് എടുക്കരുത്. ഇത് ശരിയല്ല എന്നാണ് എനിക്ക് പറയാനുള്ളത്. ഇത് സഭാനേതാവിനോടുള്ള അഭ്യർത്ഥനയാണ്. ഇത് ശരിയല്ല; വീണ്ടും ആലോചിക്കണം; ഇത് തെറ്റായ കീഴ്വഴക്കമാണ്.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : ഇത് പിൻവലിക്കാനാകില്ല. പാസ്സാക്കാൻ നിങ്ങൾക്ക് വിയോജിപ്പുണ്ടെങ്കിൽ അതിന് നടപടിക്രമം ഉണ്ട്. ഇത് പ്രൊസീഡുവറാണ്. അല്ലാതെ അഭ്യർത്ഥനയുടെ പ്രശ്നം ഇതിലില്ല. ഇത് കോൺസ്റ്റിറ്റ്യൂഷണലാണ്. ഇക്കാര്യത്തിൽ സഭയുടെ അഭിപ്രായം എന്താണെന്ന് അറിയണം.

ശ്രീ. എ. കെ ആന്റണി : സർ, ഇന്ന് രാവിലെ ഈ സഭയിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി നാവ് പിഴച്ചപ്പോൾ പറഞ്ഞു, ഈ നിയമസഭയുടെ ചരിത്രത്തിലെ ഒരു കറുത്ത ദിനമാണ് ഇന്ന് എന്ന്. അദ്ദേഹം അത് പിൻവലിച്ചു. പക്ഷെ അദ്ദേഹത്തിന്റെ വാക്ക് അറംപറ്റിയ വാക്കായിത്തീർന്നു. ഈ നിയമസഭയുടെ ചരിത്രത്തിലെ ഒരിക്കലും കഴുകിക്കളയാൻ പറ്റാത്ത കറുത്ത അദ്ധ്യായമാണ് ഇന്ന്. പാമോയിൽ കേസ്സ് കേരളത്തിൽ ഉണ്ടായിട്ട് വർഷം 7 കഴിഞ്ഞിരിക്കുന്നു. 7 വർഷം കഴിഞ്ഞ ഒരു കേസ് ആണിത്. കോടതി തള്ളിയ ഒരു കേസാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിന്റെ 3-ാം വാർഷികം ആഘോഷിച്ചുകഴിഞ്ഞിരിക്കുന്നു. ഈ മൂന്ന് വർഷക്കാലം ഈ സർക്കാർ, സർക്കാരിന്റെ കൈവശമുള്ള എല്ലാ സംവിധാനവും ഉപയോഗിച്ച് അന്വേഷണം നടത്തിയിട്ടും ശ്രീ. കെ. കരുണാകരനെതിരായി, ഈ പാമോയിൽ കേസിൽ ഒരു തുമ്പും ഉണ്ടാക്കാൻ പറ്റിയില്ല. ഏറ്റവും ഒടുവിൽ 3

LIBRARY ARCHIVES Kerala Legislative Assembly

വർഷത്തെ നിങ്ങളുടെ അന്വേഷണങ്ങൾക്കുശേഷം 1999 ജൂൺ 22-ാം തീയതി ഗവൺമെന്റ് റിക്കാർഡുകൾ അനുസരിച്ച് ശ്രീ. കെ. കരുണാകരനെതിരായിട്ട് അസംബ്ളിയുടെ പി.യു.സി. യുടെ, റിക്കാർഡ് പരിശോധിക്കണമെന്ന് വിജിലൻസ് ആവശ്യപ്പെട്ടിരിക്കുകയാണ്. മൂന്നു വർഷം കേരളത്തിലെ വിജിലൻസ് ഡിപ്പാർട്ടുമെന്റ് മുഴുവൻ അന്വേഷിച്ചിട്ടും ഗവൺമെന്റിലെ മുഴുവൻ മെഷീനറിയും അന്വേഷിച്ചിട്ടും ശ്രീ. കരുണാകരനെതിരെ ഒരു തെളിവും കിട്ടാത്ത കേസ്, ഇനി അതിന്റെ തെളിവ് അസംബ്ളിയിലെ പി.യു.സി. യുടെ റിക്കാർഡ് നോക്കി, പരിശോധിക്കണം എന്നാണ് പറയുന്നത്. ഇത് യുക്തിക്കു നിരക്കുന്നതാണോ?. നിങ്ങൾ ഇതിന്റെ റിക്കാർഡ് ചോദിക്കുന്നത് എന്നാണ്? 1999 ജൂൺ 22-ാം തീയതി, ലോക്സഭാ തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചതിനുശേഷം. ഇവിടെ ലോക്സഭയിലേക്ക് തെരഞ്ഞെടുപ്പ് ഉണ്ടാകും എന്ന തീരുമാനം വന്നതിനു ശേഷം 3 വർഷം ഉറങ്ങിക്കിടന്ന നിങ്ങൾ, മൂന്നു വർഷം നിങ്ങൾ എല്ലാ സംവിധാനവും പയറ്റി പരാജയപ്പെട്ടതിനുശേഷമാണ് ഇപ്പോൾ റിപ്പോർട്ട് ചോദിക്കുന്നത്, നിങ്ങൾക്കറിയാം ഈ റിപ്പോർട്ട് കൊണ്ട് യാതൊന്നും കിട്ടില്ല എന്ന്. പക്ഷേ ലോക്സഭാ തെരഞ്ഞെടുപ്പ് വരുന്നു. അതുകൊണ്ട് ഒരു പുകമറ സൃഷ്ടിക്കാൻ വേണ്ടിയുള്ള ഒരു വേല മാത്രമാണത്. വരാൻ പോകുന്ന പാർലമെന്റ് ഇലക്ഷനിൽ ശ്രീ. കെ. കരുണാകരൻ വീണ്ടും യു.ഡി.എഫ്.ന്റെയും കോൺഗ്രസിന്റെയും സ്ഥാനാർത്ഥിയായി മൽസരിക്കുകയാണ്. അദ്ദേഹത്തിനെതിരായി തെരഞ്ഞെടുപ്പ് വേളയിൽ ഒരു പുകമറ സൃഷ്ടിക്കാനുള്ള പാഴ്വേലയാണ് നിങ്ങൾ ചെയ്യുന്നത്. നിങ്ങൾ അതിനെ ഈ പരിപാവനമായ നിയമസഭാവേദി ഉപയോഗിക്കണ്ടായിരുന്നു. അതിന് നിങ്ങൾ സ്വീകരിച്ച മാർഗ്ഗങ്ങൾ വളരെ വില കുറഞ്ഞതായിപ്പോയി. മുഖ്യമന്ത്രീ, അങ്ങയുടെ ഗവ്ൺമെന്റ് ഇത്രയും താഴ്ന്നുകൂടാ. ഇത്രയും ചീപ്പായിക്കൂടാ.

ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞു, മുഖ്യമന്ത്രിയുടെ കത്തു ലഭിച്ച ശേഷം അദ്ദേഹം കിട്ടാവുന്ന എല്ലാ സ്ഥലങ്ങളിൽനിന്നും പരിശോധന നടത്തി, തലനാരിഴവരെ ആ നിലയിൽ പരിശോധിച്ചുവെന്ന്. ഞാൻ അങ്ങയുടെ ശ്രമത്തെ ബഹുമാനിക്കുകയാണ്. ഗവൺമെന്റ് ചീഫ് വിപ്പു ചെയർമാനായിട്ടുള്ള പ്രിവിലേജസ് കമ്മിറ്റി അന്ന് നീതിയുക്തമായ സമീപനം കൈക്കൊണ്ടു. പ്രിവിലേജസ് കമ്മിറ്റി ഈ പ്രശ്നം അന്വേഷിച്ചു കഴിഞ്ഞപ്പോൾ പരമരഹസ്യമായി ഈ പ്രശ്നങ്ങൾ നിങ്ങൾ ചർച്ച ചെയ്തു. പ്രിവിലേജസ് കമ്മിറ്റിയുടെ ഇന്റേഷണൽ വർക്കിംഗ് റൂൾസിൽ .Notice of sitting and circulation of agenda papers.എന്ന് പറയുന്നുണ്ട്. ആ വർക്കിംഗ് റൂൾസിലെ നാലാമത്തെ സെക്ഷൻ ഞാൻ വായിക്കുകയാണ്. "(4) The date, time and place of a sitting of the Committee shall be fixed by the Chairman as early as possible and notice thereof along with the agenda and other papers and documents, if any, shall be circulated by the Secretariat to the Members of the Committee" എന്നാണ്.

നിങ്ങൾ നോട്ടീസ് കൊടുക്കുമ്പോൾ അതിന്റെ കൂടെ അജണ്ടയുണ്ടാകണം. അജണ്ട എന്താണ്? ശ്രീ. ടി. എം. ജേക്കബിനു കിട്ടിയ നോട്ടീസാണിത്. വിഷയം, പ്രിവിലേജസ് കമ്മിറ്റി യോഗം ചേരുന്നത് സംബന്ധിച്ച് പ്രിവിലേജസ് കമ്മിറ്റിയുടെ ഒരു യോഗം 1999 ജൂലൈ 19-ാം തീയതി തിങ്കളാഴ്ച വൈകിട്ട് 4.30-ന് നിയമസഭാമന്ദിരത്തിലെ 610-ാം നമ്പർ കോൺഫറൻസ് ഹാളിൽ ചേരുന്നതാണ്. പ്രസ്തുത യോഗത്തിൽ താങ്കൾ പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. അജണ്ട ഇല്ല. .....ബഹളം..... പ്രധാനപ്പെട്ട ഒരു യോഗം പരമരഹസ്യമായി. റൂളിനു വിരുദ്ധമായി, അജണ്ടയില്ലാതെയാണ് കൂടി

LIBRARY ARCHIVES Kerala Legislative Assembly

യത്. ആ യോഗത്തിന്റെ മിനിട്ട്സാണിത്. 10-ാം തീയതി 4.30-ന് നിയമസഭാമന്ദിരത്തിൽ കൂടിയ യോഗത്തിലെ മിനിട്ട്സ് എന്താണ്? അജണ്ടയില്ലാത്ത യോഗത്തിലെ തീരുമാനമെന്താണ്? പാംഓയിൽ ഇറക്കുമതി കേസുമായി ബന്ധപ്പെട്ട വിജിലൻസ് അന്വേഷണത്തിനായി പൊതുമേഖലാസ്ഥാപനങ്ങളെ സംബന്ധിച്ച് സമിതിയുടെ ബന്ധപ്പെട്ട ഫയൽ വിജിലൻസ് ഡിപ്പാർട്ടുമെന്റിനു അയയ്ക്കുന്നതു സംബന്ധിച്ച് ചർച്ച ചെയ്തു; അജണ്ടയില്ലാതെ ചർച്ചചെയ്തു. (.....ബഹളം.....)

മി.സ്പീക്കർ : അദ്ദേഹം കംപ്ലീറ്റു ചെയ്യട്ടെ.

ശ്രീ. എ. കെ. ആന്റണി: ആ യോഗത്തിൽ ചർച്ച ചെയ്ത് തീരുമാനമെടുക്കുകയും ചെയ്തു. അപ്പോൾ വ്യക്തമായി അജണ്ട കൊടുക്കേണ്ടതിനു പകരം അജണ്ട കൊടുക്കാതെ യോഗം വിളിച്ചുകൂട്ടി. ഇങ്ങനെ ചെയ്തതിന്റെ ഉദ്ദേശം എന്താണ്? അതാണ് ഞാൻ പറഞ്ഞത്, ജൂൺ 22-നു മുഖ്യമന്ത്രിക്ക് ആദ്യമായി മൂന്നുവർഷക്കാലത്തിനുശേഷം ഒരു തോന്നലുണ്ടായി. മൂന്നു വർഷം അദ്ദേഹത്തിന്റെ മുഴുവൻ ഡിപ്പാർട്ടുമെന്റുകളും പരിശോധിച്ചിട്ടും ശ്രീ. കരുണാകരനെതിരായി യാതൊരു തെളിവുമില്ല. മൂന്നുവർഷം കഴിഞ്ഞ് ലോക്സഭാ തെരഞ്ഞെടുപ്പിന്റെ കേളികൊട്ടു തുടങ്ങിയപ്പോൾ മുഖ്യമന്ത്രിക്ക് വെളിപാടുണ്ടായി. മുഖ്യമന്ത്രി ഇത് ആവശ്യപ്പെട്ടു. അജണ്ട കൊടുക്കാത്തതുകൊണ്ട് കമ്മിറ്റിയിൽ തർക്കമുണ്ടാകുമല്ലോ. അതുകൊണ്ട് ഗോപ്യമായി കമ്മിറ്റി വിളിച്ചുകൂട്ടി തീരുമാനമെടുത്തു. എന്നിട്ട് നിയമസഭാസമ്മേളനം അവസാനിക്കുന്ന ദിവസം ഇവിടെയുള്ള ഏറ്റവും വലിയ തീരുമാനമിതാണ്. മറ്റെല്ലാ ജനകീയ പ്രശ്നങ്ങളും പ്രശ്നങ്ങളേയല്ല. മുഖ്യമന്ത്രിയുടെ നാട്ടുകാരനായ ഈ സഭയിലെ ചെറുപ്പക്കാരനായ ശ്രീ. വേണുഗോപാലിനെ ആലപ്പുഴയിൽ പട്ടാപ്പകൽ പോലീസ് സ്റ്റേഷന്റെ മുൻപിൽ വച്ച് ക്രൂരമായി മർദ്ദിച്ചതിനെപ്പറ്റി പ്രിവിലേജസ് കമ്മിറ്റിയിൽ പരാതി കൊടുത്തിട്ട് രണ്ടുവർഷമായി. അതെടുത്തോ? എടുത്തില്ല.....(ബഹളം)..... ഈ സഭയിലെ അംഗമായ ശ്രീ. വേണുഗോപാലിനെ ക്രൂരമായി മർദ്ദിച്ചതിനെക്കുറിച്ച് പ്രിവിലേജസ് കമ്മിറ്റിക്കു പരിശോധിക്കാൻ കൊടുത്തിട്ട് രണ്ടുവർഷമായി. നിങ്ങൾ എന്തു ചെയ്തു?. ഒന്നും ചെയ്തില്ല. സഭയിലെ അംഗത്തിന്റെ ഒരു അവകാശത്തിന്റെ പ്രശ്നം വന്നപ്പോൾ നിങ്ങൾക്ക് നിസ്സംഗത, രാഷ്ട്രീയമുതലെടുപ്പിനുവേണ്ടി രാഷ്ട്രീയ പ്രതിയോഗികൾക്കെതിരായി ചെളിവാരിയെറിയാൻ വേണ്ടി നിങ്ങൾ എല്ലാനിയമങ്ങളും റൂളുകളും കാറ്റിൽപ്പറത്തിക്കൊണ്ടുള്ള പ്രവർത്തനമാണ് ഇപ്പോൾ നടത്തിയത്. ഇതെല്ലാം കേരളത്തിലെ നീതിബോധമുള്ള ജനങ്ങൾ നോക്കിക്കൊണ്ടിരിക്കുകയാണ്. നിങ്ങൾ ഈ ലോക്സഭാതെരഞ്ഞെടുപ്പിൽ ശ്രീ. കരുണാകരനെ ചെളിവാരിയെറിഞ്ഞ് പുകമറ സൃഷ്ടിച്ച് ദുർബലപ്പെടുത്താമെന്ന് കരുതുന്നു. ഞാൻ ഈ സഭയിൽ മുഖ്യമന്ത്രിയോടു പറയുന്നു, മുഖ്യമന്ത്രി, നിങ്ങൾ ചെയ്ത നടപടി ശ്രീ. കരുണാകരന്റെ പിൻതുണ വർദ്ധിപ്പിക്കാൻ പോവുകയാണ്. വരാൻ പോകുന്ന ലോക്സഭാ തെരഞ്ഞെടുപ്പിൽ നമുക്കുനോക്കാം. നമുക്ക് കാണാം. മുഖ്യമന്ത്രീ നമുക്ക് കാണാം.....(ബഹളം).....മുഖ്യമന്ത്രീ നമുക്ക് കാണാം. അങ്ങയുടെ വെല്ലുവിളി ഞങ്ങൾ സ്വീകരിക്കുന്നു. ഇത്തവണത്തെ ലോക്സഭാ തെരഞ്ഞെടുപ്പിൽ, കഴിഞ്ഞ തെരഞ്ഞെടുപ്പിൽ കിട്ടിയതിനേക്കാൾ ഭൂരിപക്ഷത്തോടുകൂടി ശ്രീ. കെ. കരുണാകരൻ വിജയിക്കും; സംശയം വേണ്ട. ഇൻഡ്യയുടെ പാർലമെന്ററി ചരിത്രത്തിൽ ഇങ്ങനെയൊരു ചീത്ത കീഴ്വഴക്കം.. ..... ഇന്ന് അങ്ങാണ് സ്പീക്കർ, ഇതിനുമുമ്പ് ശ്രീ. പി.പി. തങ്കച്ചനായിരുന്നു, അതിനു മുൻപ് ശ്രീ. തേറമ്പിൽ രാമകൃഷ്ണനായിരുന്നു, നാളെ വേറെയാരെങ്കിലും വരും. നാളെ ഈ നിയമസഭയുടെ സ്പീക്കറെ വരെചോദ്യം ചെയ്യാനുള്ള അവസരം ഉണ്ടാക്കാവുന്ന ഈ ചീത്ത കീഴ്വഴക്കം വെറും നിസ്സാരമായ നാലാം കിട രാഷ്ടീയവൈരാഗ്യത്തിനുവേണ്ടി ഇവിടെ നാം

LIBRARY ARCHIVES Kerala Legislative Assembly

ആരംഭിക്കുകയാണ്. ഈ രക്തത്തിൽ ഞങ്ങൾക്ക് പങ്കില്ല. ഇതിന് ഞങ്ങളെ കിട്ടുകയില്ല. ഞങ്ങൾ ഇറങ്ങിപോവുകയാണ്.

അധികാരഹുങ്കോ കാട്ടാളത്തമോ എന്നുള്ള പ്ലകകാർഡും ഉയർത്തിപ്പിടിച്ചുകൊണ്ട് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം ഇറങ്ങിപ്പോയി.)

<u>ശ്രീ. ടി.കെ ഹംസ</u> : അജണ്ടയെപ്പറ്റി ഇവിടെ പറഞ്ഞതുകൊണ്ട് ഞാൻ പറയുകയാണ്. മീറ്റിംഗ് ഇല്ലെങ്കിലും ഉണ്ടെങ്കിലും ഇങ്ങനെ ഒരു രേഖ ബഹുമാനപ്പെട്ട സ്പീക്കർക്ക് കൊടുക്കാമെന്നാണ് ശക്ധർ ആന്റ് കൗളിൽ പറയുന്നത്. നിയമസഭ കൂടാത്ത സമയത്താണെങ്കിൽ പ്രിവിലേജസ് കമ്മിറ്റി കൂടിയാലും ഇല്ലെങ്കിലും ഇത്തരത്തിൽ ഒരു രേഖ സ്പീക്കർക്കുകൊടുക്കാം. നിയമസഭ കൂടുന്നസമയമായതുകൊണ്ടാണ് ഇങ്ങനെവന്നത്. വന്നയുടൻതന്നെ, 19-ാം തീയതി യോഗം വിളിച്ചു. അവിടെ ഇൻഫോർമലായിട്ട് പല കാര്യങ്ങളും ചർച്ച ചെയ്തു. അത് പാമോയിലിന്റെ ഫയൽ സംബന്ധിച്ച ചർച്ചയ്ക്കു വേണ്ടി വിളിച്ച യോഗമായിരുന്നില്ല, 19-ാംതിയതി യോഗം ചേർന്ന് ഇത് എടുക്കണമെന്നുള്ള റിക്വസ്റ്റ് വന്നു. എല്ലാവരും സമ്മതിച്ചു. ആ യോഗത്തിൽ ശ്രീ. ടി.എം. ജേക്കബ് പങ്കെടുത്തു. ആ വിവരവും ഞാൻ ശ്രീ. കാർത്തികേയനോടു പറഞ്ഞു. ബഹുമാനപ്പെട്ട കാർത്തികേയാ, പിറ്റേന്നു രാവിലെ ഇതു പരിഗണിക്കാൻ മീറ്റിംഗ് വച്ചിട്ടുണ്ടെന്നു പറഞ്ഞു. എന്നിട്ടും അദ്ദേഹം വന്നില്ല. അതുകൊണ്ട് ഞങ്ങളെ കുറ്റപ്പെടുത്തരുത്. ബഹുമാനപ്പെട്ട ജി. കാർത്തികേയനും കോൺഗ്രസ്സിലെ മറ്റ് മെമ്പർമാരുമൊന്നും ഇതിൽ പങ്കെടുത്തില്ല. ഇവിടെ ഒരു പ്രശ്നം പറഞ്ഞത് ബഹുമാനപ്പെട്ട മെമ്പറുടെ കേസ്സ് അന്വേഷിച്ചില്ല എന്നാണ്. എന്റെ സ്നേഹിതൻ ശ്രീ. ഇ.പി ജയരാജനെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ആശുപത്രിയിൽ നിന്ന് പൊക്കിയെടുത്തുകൊണ്ടുപോയി ക്രൂരമായി മർദ്ദിച്ചു. വേദനയോടുകൂടി സഭയിൽവന്ന് അദ്ദേഹം അത് വിശദീകരിച്ചു. എന്തെങ്കിലും നടപടിയെടുത്തോ? എല്ലാവർക്കും അതുപോലെതന്നെയല്ലേ. ശ്രീ. ജയരാജൻ കണ്ണീരൊലിപ്പിച്ചുകൊണ്ടാണ് നിയമസഭയിൽ വന്ന് അക്കാര്യം പറഞ്ഞത്. യാതൊരു നടപടിയും ഉണ്ടായില്ല. അന്വേഷണ നടപടിയാരംഭിക്കുമെന്ന് അന്ന് മുഖ്യമന്ത്രി പറഞ്ഞു. എന്തെങ്കിലും നടപടി എടുത്തോ? അതുകൊണ്ട് ഇത് എല്ലാവർക്കും ഒരുപോലെയാണ്. മനഃപൂർവ്വം പ്രിവിലേജസ് കമ്മിറ്റിയിൽ ഹാജരാകാതെ ശ്രീ. കരുണാകരന്റെ പേരിൽ എന്തോ വരുന്നു, വന്നോട്ടെ എന്നു കരുതി അദ്ദേഹത്തെ കുടുക്കി സ്ഥാനാർത്ഥിത്വത്തിൽനിന്നും ഒഴിവാക്കാൻ കള്ളക്കളി കളിച്ചുകൊണ്ടാണ് ഇവർ ഈവിധം പ്രതിഷേധിച്ച് ഇറങ്ങിപ്പോകുന്നത്.

മുഖ്യമന്ത്രി <u>(ശ്രീ. ഇ.കെ നായനാർ)</u> : സർ, ഇവിടെ ചില സത്യവിരുദ്ധമായ കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. 1999 ഫെബ്രുവരി 24-നാണ് പോലീസിന്റെ കത്ത്. കത്തിനെപ്പറ്റി ശ്രീ. എ.കെ ആന്റണി പറഞ്ഞത് സത്യവിരുദ്ധമാണ്, വസ്തുതകൾക്ക് നിരക്കാത്തതാണ്. ഫെബ്രുവരി 24-നാണ് മുഖ്യമന്ത്രിയുടെ ഒരു കത്ത്, മറ്റൊന്ന് 1999 ജൂൺ മാസം 22-ാം തീയതിയുമാണ്. ഇതു രണ്ടും ഇലക്ഷൻ ഡിക്ലറേഷനു മുൻപുള്ള കത്തുകളാണ്. ശ്രീ.എ.കെ. ആന്റണി പറഞ്ഞത് ഇലക്ഷൻ ഡിക്ളറേഷന്റെ സമയത്താണ് എന്നാണ്. ഇലക്ഷൻ ഡിക്ളറേഷനു മുൻപാണ്. അദ്ദേഹം പറഞ്ഞത് സത്യവിരുദ്ധമാണ്. ഇത് രേഖയിൽ ഉണ്ടാകണം. ഇലക്ഷനുമുൻപാണ്. ഇലക്ഷനുമായി ബന്ധപ്പെട്ടതാണെന്ന വാദം ശരിയല്ല. "ഈ കേസിനെ സംബന്ധിച്ച് എന്ത് രേഖയാണുള്ളത്. ആറു കൊല്ലമായി എന്നുപറഞ്ഞു." പാമോയിൽ സംബന്ധിച്ച കേസ് കേരള ഹൈക്കോടതിയും സുപ്രീംകോടതിയും പരിശോധിച്ച് നിലനിൽക്കുന്ന കേസ്സാണെന്ന് വിധി പറഞ്ഞിട്ടുണ്ട്. പാമോയിൽ കേസ്സ് സംബന്ധിച്ച് ഹൈക്കോടതി വിധി പറഞ്ഞിട്ടുണ്ട്. സുപ്രീംകോടതി പരിശോധിച്ചിട്ടുണ്ട്. ശ്രീ.എ.കെ. ആന്റണി ഹൈക്കോടതി വിധിക്കും സുപ്രീംകോടതി വിധിക്കും വിരുദ്ധമായിട്ട് അവാസ്തവമായാണ് നിയമസഭയിൽ പരാമർശിച്ചത്. അഴിമതി

LIBRARY ARCHIVES Kerala Legislative Assembly

ക്കാരെ സഹായിക്കുവാൻ കോൺഗ്രസ്സും പ്രതിപക്ഷവും ശ്രമിക്കുകയാണ്. ശ്രീ. പത്മരാജന്റെ പേരിൽ 72 കോടി രൂപയുടെ അഴിമതി ആരോപണം നടന്നത് ഇവരുടെ കാലത്താണ്. അതുപോലെ കുരിയാർകുട്ടി-കാരാപ്പാറ അഴിമതി, ശ്രീ. കെ. കരുണാകരന്റെ പേരിലുള്ള പാമോയിൽ അഴിമതി ഇതിനൊക്കെ കൂട്ടുനിൽക്കുകയാണ്. ശ്രീ. എ.കെ. ആന്റണിയും ഭരണമുന്നണിയും ചെയ്തിട്ടുള്ളത്. അഴിമതിക്കാരെ ന്യായീകരിക്കുന്ന ശ്രീ. എ.കെ. ആന്റണിയുടെ നിലപാട് വളരെയേറെ പ്രതിഷേധാർഹമാണ്, ഒരിക്കലും സ്വീകാര്യമല്ല. ഇലക്ഷൻ വരട്ടെ നമുക്ക് ജനങ്ങളെ നേരിടാം.

മി. സ്പീക്കർ : പ്രിവിലേജസ് കമ്മിറ്റിയുടെ പത്താമത് റിപ്പോർട്ട് അംഗീകരിക്കണം എന്ന പ്രശ്നത്തെ അനുകൂലിക്കുന്നവർ..... പ്രതികൂലിക്കുന്നവർ..... പ്രിവിലേജസ് കമ്മിറ്റിയുടെ പത്താമത് റിപ്പോർട്ട് അംഗീകരിക്കപ്പെട്ടിരിക്കുന്നു.

(പ്രതിപക്ഷാംഗങ്ങൾ സഭയിൽ വീണ്ടും ഹാജരായി)

മി. സ്പീക്കർ : റൂൾ അനുസരിച്ച് നിയമനിർമ്മാണകാര്യം 1.30-ന് ചർച്ചയ്ക്ക് എടുക്കേണ്ടതായിരുന്നു. സഭയുടെ അനുമതിയോടെ തുടർന്ന് ഇരിക്കേണ്ടി വരും. സഭയുടെ അനുമതിയോടെ നിയമനിർമ്മാണകാര്യത്തിലേയ്ക്ക് കടക്കുന്നു.

IX. നിയമനിർമ്മാണകാര്യം

(1) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 1999-ലെ കേരള ഒഴിപ്പിക്കൽ നടപടികൾ നിർത്തിവയ്ക്കൽ ബിൽ † പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയവും അനന്തര ഘട്ടങ്ങളും.

റവന്യൂവകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 1999-ലെ കേരള ഒഴിപ്പിക്കൽ നടപടികൾ നിർത്തിവയ്ക്കൽ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീമതി കെ.ആർ. ഗൗരിയമ്മ : ഞാൻ ഒരു നോട്ടീസ് നല്കിയിരുന്നു.

മി. സ്പീക്കർ : ശ്രീമതി കെ. ആർ ഗൗരിയമ്മയുടെ നോട്ടീസ് ലഭിച്ചു. അതു ഈ സ്റ്റേജിലല്ല ചർച്ചചെയ്യപ്പെടേണ്ടത്. അതിനു ഓരോ സ്റ്റേജുണ്ട്. കഴിഞ്ഞ ദിവസം അവതരിപ്പിച്ചപ്പോൾ കൊണ്ടുവരേണ്ടിയിരുന്നു.

ശ്രീമതി കെ. ആർ. ഗൗരിയമ്മ : ഇപ്പോൾ സംസാരിക്കാം, അങ്ങനെയുള്ള നടപടിക്രമമുണ്ട്.

മി. സ്പീക്കർ : അങ്ങനെ നടപടിക്രമം ഇല്ല. കഴിഞ്ഞ ദിവസം ഇതുപോലൊരു പ്രശ്നം വന്നപ്പോൾ എന്റെ മുൻഗാമികളുടെ റൂളിംഗ് ഞാൻ പരിശോധിച്ചതാണ്. ഇത് ഒബ്ജക്ഷനാണ്. രണ്ടാമത്തെ സ്റ്റേജിൽ ഇനി വകുപ്പുതിരിച്ചുള്ള ചർച്ചയേയുള്ളൂ.

ശ്രീമതി കെ.ആർ. ഗൗരിയമ്മ : ഇപ്പോൾ ഒപ്പോസ് ചെയ്യാം.

---

† അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly